**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2884 — 19-06-2014-ലെ മറുപടിക്ക്

## നെല്ലുസംഭരണത്തിലെ കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. ചന്ദ്രൻ**<br>**ശ്രീമതി കെ.എസ്. സലീഖ**<br>**ശ്രീ. സി.കെ. സദാശിവൻ**<br>**ശ്രീ. എ.എം. ആരിഫ്** | | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| **എ)** | നെല്ലുസംഭരണ ഇനത്തിൽ കർഷകർക്ക് നൽകേണ്ട തുകയിൽ കുടിശ്ശികയുണ്ടെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ? | **എ)** | 2013-14 രണ്ടാം സീസണിൽ നെല്ല് സംഭരിച്ച വകയിൽ 2014 ജൂൺ 17-ാം തീയതിയിലെ കണക്ക് അനുസരിച്ച് ഇനി 298.19 കോടി രൂപ. നൽകേണ്ടതുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും സബ്സിഡി ലഭിക്കുന്നതിൽ നേരിട്ട കാലതാമസംകൊണ്ടും താങ്ങുവിലയിൽ വന്ന വർദ്ധന മൂലം സംസ്ഥാന ഖജനാവിനുണ്ടായ അധിക ബാദ്ധ്യതയുമാണ് കുടിശ്ശിക കൂടാൻ കാരണം. |
| **ബി)** | കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിന്റെ വില കൃത്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | **ബി)** | സപ്ലൈകോ സ്വന്തം ഫണ്ടിൽ നിന്നും 174 കോടി രൂപ നൽകി കഴിഞ്ഞു. കൂടാതെ പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, കാനറാ ബാങ്ക്, ബാങ്ക് ഓഫ് ഇൻഡ്യ എന്നീ ബാങ്കുകളുമായി സപ്ലൈകോ ഏർപ്പെട്ടിട്ടുള്ള ധാരണ പ്രകാരം ടി ബാങ്കുകളിൽ അക്കൗണ്ട് ഉള്ള കർഷകർക്ക് നെല്ല് നൽകുമ്പോൾ സപ്ലൈകോ നൽകുന്ന പി.ആർ.എസ്. ബാങ്കുകളിൽ സമർപ്പിക്കുമ്പോൾ മൂന്ന് ദിവസത്തിനുള്ളിൽ തുക ലഭിക്കുന്നതാണ്. ഇപ്പോഴുള്ള കുടിശ്ശിക ജൂലൈ മാസം ആദ്യം തന്നെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടുകൂടി പൂർണ്ണമായും നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

Beena

**സെക്ഷൻ ഓഫീസർ**